DESPATCHED
24/1/2020

13.1.20

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

ഹർജി നമ്പർ CP.No.1038(6)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

File No. 12894/SIC-Gen5/2015

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീമതി കമലം,
W/o കൃഷ്ണൻ,
ഉദയ നിവാസ്,
ചങ്കരച്ചാം പാളയം, നാട്ടുകൽ പി.ഒ.,
പാലക്കാട് – 678 556.

} പരാതി ഹർജിക്കാരി

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
എക്സിക്യൂട്ടീവ് എഞ്ചിനീയർ,
ഇലക്ട്രിക്കൽ ഡിവിഷൻ,
കെ.എസ്.ഇ.ബി. ലിമിറ്റഡ്, ചിറ്റൂർ.
പാലക്കാട്.

} എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 23/06/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 04/07/2015 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 29/07/2015 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 03/08/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 25/08/2015, 30/12/2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 09/01/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 10/01/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, പാലക്കാട്. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരി<br>എതിർകക്ഷി | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരിയായ ശ്രീമതി കമലം, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ ആവശ്യപ്പെട്ട വിവരം വ്യക്തമായും കൃത്യമായും എതിർകക്ഷി നൽകിയില്ല എന്നും ടിയാളുടെ അപേക്ഷയിലെ 1–ാം ഇനത്തിൽ ആവശ്യപ്പെട്ട പ്രകാരം ബന്ധപ്പെട്ട ആനുകൂല്യങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കിയിട്ടില്ല എന്നും മേൽപ്പടി ആനുകൂല്യങ്ങൾ സംബന്ധിച്ച് ആരെയൊക്കെയാണ് നോമിനിയായി വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടില്ല എന്നും

എതിർകക്ഷി നൽകിയ മറുപടിയിൽ ഒന്നാം അപ്പീൽ അധികാരിയെ സംബന്ധിച്ച വിവരങ്ങൾ നൽകിയിട്ടില്ല എന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത്, ടിയാളുടെ മകനും പാലക്കാട് സർക്കിൾ ഓഫീസിൽ ജീവനക്കാരി ശ്രീമതി ബിന്ദുവിന്റെ ഭർത്താവുമായ ഉദയപ്രകാശിന്റെ മരണാന്തര ആനുകൂല്യങ്ങൾ എന്തെല്ലാമെന്നും, ആർക്കൊക്കെ എത്ര രൂപ വീതം കൊടുത്തു എന്നും അതിന്റെ നോമിനികൾ ആരാണെന്നും നോമിനിയ്ക്കല്ലാതെ മറ്റാർക്കെങ്കിലും വല്ല സംഖ്യയും കൊടുത്തോ എന്നും മറ്റുമാണ്. മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. തുടർന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ വിശദവിവരങ്ങൾ വ്യക്തമാക്കിയിട്ടുള്ളതായി കാണുന്നു. ആയതിൽ ഹർജിക്കാരി ആവശ്യപ്പെട്ട പൂർണ്ണ വിവരങ്ങൾ നൽകിയിട്ടുള്ളതായി കാണുന്നു.

3. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 13-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION THIRUVANANTHAPURAM

RIGHT TO INFORMATION